# Desabhimani

## 18 July 2018

## Nedumbassery ; Heavy Rain , Wells Collapsed and Sank

# കിണറുകൾ ഇടിഞ്ഞുതാഴ്ന്നു

**നെടുമ്പാശ്ശേരി**

ശക്തമായ മഴയെത്തുടർന്ന് കിണർ കോൺക്രീറ്റ് കെട്ടിനൊപ്പം ഇടിഞ്ഞുതാഴ്ന്നു.

നെടുമ്പാശേരി പഞ്ചായത്തിലെ 15□ാം വാർഡിലെ കാവളപ്പുറം സരോജിനി ബാലന്റെ (ഓമനക്കുട്ടൻ) കിണറാണ് ചൊവ്വാഴ്ച പുലർച്ചെ ഇടിഞ്ഞത്. സിമന്റിട്ട് നാലടിയോളം ഉയരത്തിൽ മുകൾഭാഗം കെട്ടി വർഷങ്ങളായി ഉപയോഗിച്ചിരുന്ന കിണറാണിത്. പുലർച്ചെ ശബ്ദംകേട്ട് വീട്ടുകാർ ഉണർന്ന് എത്തിയപ്പോഴാണ് കിണർ താഴ്ന്നത് കണ്ടത്. പഞ്ചായത്തംഗം സിദ്ധാർഥൻ, വില്ലേജ് ഓഫീസർ വി ആർ അജിതകുമാരി എന്നിവർ സ്ഥലം സന്ദർശിച്ചു.

കനത്ത മഴയിൽ കാരക്കാട്ടുകുന്ന് മാരായിൽ വീട്ടിൽ സത്യന്റെ വീടിനു

പിന്നിലെ കിണർ ഇടിഞ്ഞുതാഴ്ന്നു. തിങ്കളാഴ്ച പുലർച്ചെയാണ് സംഭവം. 13 കോൽ താഴ്ചയും രണ്ടരമീറ്റർ വട്ടവുമുള്ള കിണറിന്റെ കപ്പിയും കയറും

അരമതിലും വെള്ളമടിക്കുന്ന അരയുടെ മോട്ടോറും കിണറിലേക്ക് താണുപോയി. രാത്രി നല്ല മഴയുണ്ടായിരുന്നതിനാൽ ശബ്ദം കേട്ടില്ല.